LIBRARY ARCHIVES Kerala Legislative Assembly

മലപ്പുറം മണ്ഡലത്തിലെ കോഡൂർ ഹോമിയോ ഡിസ്പെൻസറി

102 (4905) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം മണ്ഡലത്തിൽ പുതുതായി അനുവദിച്ച കോഡൂർ ഹോമിയോ ഡിസ്പെൻസറി ഇപ്പോഴും പ്രവർത്തനം ആരംഭിക്കാത്തിന്റെ കാരണം വെളിപ്പെടുത്തുമോ ;

(ബി) ഇതു സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

(സി) ഡിസ്പെൻസറി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) കോഡൂർ എൻ. എച്ച്.എം. ഹോമിയോ ഡിസ്പെൻസറി പ്രവർത്തനം ആരംഭിക്കാത്തത് പഞ്ചായത്ത് നൽകിയിട്ടുള്ള കെട്ടിടത്തിന്റെ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതമൂലമാണ്.

(ബി) പഞ്ചായത്തുമായി ബന്ധപ്പെട്ട് ഡിസ്പെൻസറി പ്രവർത്തിക്കുന്നതിന് ഒരുക്കിയിട്ടുള്ള കെട്ടിടത്തിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) 2015 ആഗസ്റ്റ് മാസം ഈ ഡിസ്പെൻസറിയുടെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുന്നതാണ്.

ആയുർവേദ ഹോമിയോ ഡിസ്പെൻസറികളിലെ താൽക്കാലിക ജീവനക്കാരുടെ വേതനം

103 (4906) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആയുർവേദ ഹോമിയോ ഡിസ്പെൻസറികളിൽ ജോലി ചെയ്യുന്ന പാരാ മെഡിക്കൽ വിഭാഗം താൽക്കാലിക ജീവനക്കാരുടെവേതനം G.O(P) No.466/2014/Fin. 28/10/14 പ്രകാരം വർദ്ധിപ്പിക്കാത്തതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത ജി.ഒ. ഇവർക്കുകൂടി ബാധകമാക്കി കൊണ്ടുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള പ്രധാന തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ ;